# പതിനാലാം കേരള നിയമസഭ
# (ഒൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3201 07.02.2018-ൽ മറുപടിയ്ക്ക്**

## രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യം വില്പന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യമാർക്കറ്റുകളിലും ചില്ലറ വില്പന കേന്ദ്രങ്ങളിലും രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യം വില്പന നടത്തുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വിഭാഗത്തോട് ചേർന്ന് ഫിഷറീസ് വകുപ്പ് രൂപീകരിച്ച സ്ക്വാഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;<br><br>ബി) പ്രസ്തുത സ്ക്വാഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;<br><br>സി) ഇപ്രകാരം മത്സ്യത്തിൽ രാസവസ്തുക്കൾ കലർത്തി വിറ്റതിന് ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | എ), ബി) & സി) വിലയിരുത്തിയിട്ടുണ്ട്.<br><br>മത്സ്യത്തിൽ രാസവസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എല്ലാ ജില്ലകളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന, സ്ക്വാഡിന്റെ നേതൃതത്തിൽ മത്സ്യ മാർക്കറ്റുകൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവയിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയിരുന്നു. പരിശോധനയിൽ ഫോർമാലിന്റെ അംശം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇത്തരം വ്യാപാരികൾക്ക് ശക്തമായ താക്കീത് നൽകുകയും സ്ക്വാഡിന്റെ നേതൃത്വത്തിൽ ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തിൽ രാസവസ്തുക്കൾ ഉപയോഗിച്ചാലുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും അതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവടക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരികൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ മത്സ്യവിപണന ഏജന്റുമാരെ വിളിച്ചു ചേർത്ത് ശിൽപശാലയും സംഘടിപ്പിച്ചിട്ടുണ്ട്. മത്സ്യമാർക്കറ്റുകളിൽ മത്സ്യകച്ചവടം നടത്തുന്നവരുടെ വിവരം ശേഖരിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള കർശനമായ മാനദണ്ഡങ്ങൾ പാലിക്കുന്നതിനു നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.<br><br>മത്സ്യമാർക്കറ്റുകളിൽ നിന്നും മത്സ്യത്തിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന |

നടത്തിയതിൽ നിന്നും ഫോർമാലിൻ എന്ന രാസപദാർത്ഥത്തിന്റെ അംശം കണ്ടെത്തുകയും തുടർന്ന് കുറ്റക്കാർക്ക് ശക്തമായ താക്കീതു നൽകിയിട്ടുള്ളതുമാണ്. ഇതിനു ശേഷം നടത്തിയ സാമ്പിൾ പരിശോധനയിൽ രാസവസ്തുക്കളുടെ അംശം കണ്ടെത്തിയിട്ടില്ല അതിനാൽ തുടർ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

**സെക്ഷൻ ആഫീസർ**